എ4-9555/2023/ജി.എച്ച്.റ്റി.

ജനറൽ ആശുപത്രി
തിരുവനന്തപുരം
തീയതി, 11 /11/2024

# ക്വട്ടേഷൻ നോട്ടീസ്

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ വിവിധ വിഭാഗങ്ങളിലെ ജനൽ , വാതിൽ എന്നിവയുടെ അലുമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ ചെയ്യുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്ന് മാനദണ്ഡങ്ങൾക്ക് വിധേയമായി മുദ്ര വച്ച മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

കവറിനു പുറത്ത് ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തി സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ, റെഡ് ക്രോസ്സ് റോഡ് തിരുവനന്തപുരം-695035 എന്ന വിലാസത്തിൽ 15/11/2024 വൈകുന്നേരം 5.00 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ നൽകിയവരുടെയോ, അവർ രേഖാമൂലം അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ 16/11/2024 രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

അപേക്ഷയിൽ ക്വട്ടേഷൻ നമ്പർ, പ്രവൃത്തിയുടെ പേര്, വിലാസം, വില വിവരം(ലേബർ ചാർജ്ജ് , മറ്റു മെറ്റീരിയൽസ് (ഗുണനിലവാരമുള്ളവയായിരിക്കണം) ചാർജ്ജ് ഉൾപ്പെടെ) എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നവർ അടിയന്തിരമായി പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കേണ്ടതാകുന്നു. അവിചാരിതമായ കാരണത്താൽ പ്രസ്തുത ദിവസം ക്വട്ടേഷനുകൾ തുറക്കുന്നതിന് സാധിക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 11.00 മണിക്ക് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. യാതൊരു വിധ കാരണവും കൂടാതെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ, നിരസിക്കുന്നതിനോ, പുനർ ക്വട്ടേഷൻ വിളിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സൂപ്രണ്ട്, ജനറൽ ആശുപത്രി, തിരുവനന്തപുരം -ന് നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ പ്രകാരം ചെയ്യേണ്ടതായ വർക്കുകൾ സംബന്ധിച്ച വിശദവിവരങ്ങൾ വിവരങ്ങൾ 13/11/2024, 14/11/2024 എന്നീ ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ 1 മണി വരെ ഈ ആഫീസിൽ നിന്നും അറിയാവുന്നതാണ്.

ഈ സ്ഥാപനത്തിലെ വിവിധ വിഭാഗങ്ങളിലെ ജനാല, കതക് എന്നിവയുടെ അലുമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ ചുവടെ ചേർക്കുന്നു.

1. ഡയാലിസിസ് യൂണിറ്റിനകത്തുള്ള മൂന്ന് വാതിലുകളുടെയും രണ്ട് ജനലുകളുടെയും അറ്റകുറ്റപ്പണികൾ.
2. ക്ലിനിക്കൽ ലബോറട്ടറിയിൽ പ്രവർത്തിക്കുന്ന എമർജൻസി ലാബിലേക്ക് പ്രവേശിക്കുന്ന ഡോർ ക്ലോസർ
3. കാഷ്വാലിറ്റി, ഒബ്സർവേഷൻ റൂമിലോ ടോയ്ലെറ്റിന്റെ പി.വി.സി ഡോറിന് കുറ്റിയും കൊളുത്തും വയ്ക്കുന്നത്
4. കാഷ്വാലിറ്റിയോട് ചേർന്നുള്ള പബ്ലിക്ക് ടോയ്ലെറ്റിലെ പി.വി.സി ഡോറുകൾക്ക് 7 കുറ്റിയും കൊളുത്തും വയ്ക്കുന്നത്.
5. എം.ഐ.സി.യു-വിൽ നിന്നും പേഷ്യന്റ് ബാത്ത് റൂമിലേക്ക് പോകുന്ന ഭാഗത്ത് ഓട്ടോമാറ്റിക് ഡോർ ക്ലോഷർ ഉൾപ്പെടെയുള്ള രണ്ട് പുതിയ വാതിലുകൾ വയ്ക്കുന്നത്.

GOVT. GENERAL HOSPITAL TRIVANDRUM-695 035

സൂപ്രണ്ട്
8/11/24

പകർപ്പ്

1. നോട്ടീസ് ബോർഡ്, ജനറൽ ആശുപത്രി, തിരുവനന്തപുരം
2. ആരോഗ്യവകുപ്പ് ഡയറക്ടർ വെബ്സൈറ്റ്/ ജില്ലാ മെഡിക്കൽ ആഫീസ്സർ (ആരോഗ്യം)/ ഗവൺമെന്റ് കണ്ണാശുപത്രി/ ഗവൺമെന്റ് ഫോർട്ട് ഹോസ്പിറ്റൽ
3. ശേഖരം/ കരുതൽ ശേഖരം